പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.203 4.10.2016 -ൽ മറുപടിയ്ക്ക്

## കെ.റ്റി.ഡി.സി.യുടെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.എം. രാജഗോപാലൻ<br>ശ്രീ.പി.ടി.എ. റഹീം<br>ശ്രീ.ഒ. ആർ. കേളു | | ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
| എ) | വിനോദ സഞ്ചാര മേഖലയുടെ വികസനത്തിൽ കെ.റ്റി.ഡി.സി.യുടെ പ്രവർത്തനങ്ങൾ എത്രത്തോളമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) | കേരളത്തിലെ വിനോദസഞ്ചാരത്തിന് കെ.റ്റി.ഡി.സി പലവിധ സംഭാവനകളാണ് നൽകിവരുന്നത്.<br>1. കേരളത്തിലെ പല ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളും വികസിക്കാൻ കാരണമായത് കെ.റ്റി.ഡി.സിയുടെ ആദ്യ സാന്നിധ്യം കൊണ്ടാണ്.<br>ഉദാ: തേക്കടി, മൂന്നാർ, കുമരകം, കോവളം തുടങ്ങിയവ<br>2. കേരളത്തിൽ നൂതനമായ പല ടൂർ പാക്കേജുകളും തുടങ്ങിവച്ചത് കെ.റ്റി.ഡി.സിയാണ്. വിവിധ ഡെസ്റ്റിനേഷനുകളിലെ ഹോട്ടലുകൾ ബന്ധിപ്പിച്ചുള്ള എയർ ലെയിൻ ടൂർ പാക്കേജ് (2000 മുതൽ), പ്രൈവറ്റ് ട്രാവൽ ഏജൻസികളുമായി ചേർന്ന് ട്രെയിൻ ചാർട്ടർ പാക്കേജ് എന്നിവയും മൺസൂൺ സമയത്ത് താരീഫ് കുറച്ച് മൺസൂൺ ടൂറിസം ആദ്യമായി നടപ്പിലാക്കിയതും കെ.ടി.ഡി.സിയാണ്.<br>3. കെ.റ്റി.ഡി.സിയുടെ പ്രീമിയം ബഡ്ജറ്റ് ഹോട്ടലുകൾ കേരളത്തിലെ വികസിതവും വികസിച്ച കൊണ്ടിരിക്കുന്നതുമായ എല്ലാ ഡെസ്റ്റിനേഷനുകളുടെയും ടൂറിസം മാർക്കറ്റിങ്ങിന് ഉത്തേജനം നൽകുന്നുണ്ട്. |
| ബി) | കെ.റ്റി.ഡി.സി.യുടെ റസ്റ്റോറന്റുകൾ, ഹോട്ടലുകൾ എന്നിവയുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ; | ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| സി) | ചെന്നൈയിലുള്ള ത്രീസ്റ്റാർ ഹോട്ടൽ ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സി) | ലാഭത്തിലാണ് പ്രവർത്തിച്ചു വരുന്നത്. 2015-16 ലെ ആഡിറ്റ് ചെയ്യാത്ത കണക്ക് പ്രകാരം പ്രവർത്തനലാഭം 10.5 ലക്ഷം രൂപയാണ്. |
| ഡി) | പ്രസ്തുത ഹോട്ടലിൽ ആകെയുള്ള മുറികളിൽ കേരളീയർക്ക് അനുവദിക്കുന്നത് എത്ര മുറികളാണ് എന്ന് വ്യക്തമാക്കുമോ? | ഡി) | 90 മുറികളുള്ള ചെന്നൈയിലെ റെയിൻ ഡ്രോപ്സ് എന്ന ഹോട്ടലിൽ 10 മുറികളാണ് ഗസ്റ്റ് ഹൗസിനായി മാറ്റി വച്ചിട്ടുള്ളത്. 10 മുറികളിൽ 5 എണ്ണം എപ്പോഴും ഗസ്റ്റ് ഹൗസായി മാറ്റിവച്ചിട്ടുള്ളതും 5 മുറികൾ 7 ദിവസത്തെ നോട്ടീസിൽ ലഭ്യമാകുന്ന തരത്തിലാണ് മാറ്റിവച്ചിട്ടുള്ളത്. ബാക്കി 80 മുറികൾ സാധാരണ ഹോട്ടലുകൾ പ്രവർത്തിക്കുന്ന രീതിയിൽ പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ